പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2917 **29-10-2026-ൽ മറുപടിയ്ക്ക്**

കൂട്ടനാട്ടിലെ പൊതുമരാമത്ത് പ്രവൃത്തികളെക്കുറിച്ച് പഠിക്കുന്നതിന് വിദഗ്ധ സംഘം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. റെജി ചെറിയാൻ	ശ്രീ. പി. കെ. ബഷീർ (പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) 19.08.2026-ൽ ബഹു. മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന കൂട്ടനാട് നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ അവലോകന യോഗത്തിന്റെ മിനിട്സ് ലഭ്യമാക്കാമോ;

മറുപടി: യഥാസമയം മിനുട്സ് നൽകുന്നതാണ്.

(ബി) പ്രസ്തുത യോഗത്തിലെടുത്ത തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

മറുപടി: നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) യോഗത്തിൽ കൂട്ടനാട്ടിലെ മണ്ണിന്റെ ദുർബലത സംബന്ധിച്ച് ശാസ്ത്രീയമായി പഠിക്കുവാനും പൊതുമരാമത്ത് പ്രവൃത്തികൾക്ക് അനുയോജ്യമായ സാങ്കേതിക പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിനുമായി ഐ.ഐ.ടി. വിദഗ്ധർ ഉൾപ്പെടുന്ന സംഘത്തെ അയയ്ക്കാൻ എടുത്ത തീരുമാനത്തിൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും പ്രസ്തുത സംഘത്തിൽ ആരെയൊക്കെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും സംഘം കൂട്ടനാട്ടിൽ എത്തുന്ന തീയതി എപ്പോഴാണെന്നും വ്യക്തമാക്കാമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ